ഡോ.എ.രാജേന്ദ്രൻ

**Title : Role of school Heads in the professional development of teachers.**

**അധ്യാപകരുടെ പ്രൊഫഷണൽ വികസനത്തിൽ സ്കൂൾ നേതൃത്വത്തിന്റെ പങ്ക്**

**പഠന ലക്ഷ്യങ്ങൾ** (Learning Objectives)

- അധ്യാപകരുടെ പ്രൊഫഷണൽ വികസനം എന്ന ആശയം ചർച്ച ചെയ്യുന്നു
- ദേശീയ വിദ്യാഭ്യാസ നയം 2020 നിർദ്ദേശിക്കുന്ന അധ്യാപകരുടെ തുടർച്ചയായ പ്രൊഫഷണൽ വികാസം (CPD) എന്തെന്ന് തിരിച്ചറിയുന്നു.
- അധ്യാപകരുടെ പ്രൊഫഷണൽ വികസനപ്രവർത്തനങ്ങളിൽ പ്രധാനാധ്യാപകരുടെ റോൾ തിരിച്ചറിയുന്നു.
- അധ്യാപകരുടെ വൈവിധ്യമാർന്ന പ്രൊഫഷണൽ വികസന സാധ്യതകളും സ്വയം വികസന സാധ്യതകളും കണ്ടെത്തുന്നു.
- ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ അധ്യാപകർക്ക് വേണ്ട നൈപുണികളും മനോഭാവങ്ങളും നേടിയെടുക്കുന്നതിൽ തുടർച്ചയായ പ്രൊഫഷണൽ വികസനത്തിന്റെ പ്രസക്തി തിരിച്ചറിയുന്നു.

**പ്രധാന പദങ്ങൾ (keywords)**

- HC' S
- Collaboration
- Communication
- Critical thinking
- Creativity
- CPD (Continuous Professional Development)

**ആമുഖം**

സ്കൂൾ പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു പഠിതാവാണെന്നത് നാം തിരിച്ചറിഞ്ഞു കഴിഞ്ഞു. ക്രിയാത്മക ശേഷിയുള്ള പഠിതാക്കളുമായി നേരിട്ടിടപെടുന്ന അധ്യാപകർക്ക് വിദ്യാഭ്യാസ പ്രക്രിയയിൽ നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ ഒരുപാഠ്യക്രമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രതിജ്ഞാബദ്ധമായ അധ്യാപകസമൂഹം അനിവാര്യമാണ്. സ്കൂളിന്റെ കാഴ്ചപ്പാടും പ്രവർത്തന പ്രസക്തിയും എല്ലാം കാര്യക്ഷമമായി നടപ്പാക്കുക എന്ന ദൗത്യമാണ് അധ്യാപകർ ഏറ്റെടുത്തിരിക്കുന്നത്. കുട്ടികളുടെ പഠനനേട്ടത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഘടകം അധ്യാപകർ തന്നെയാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. പഠന ബോധന പ്രക്രിയ, നൂതന പ്രവർത്തനങ്ങളുടെ സംഘാടനം, ഭിന്നശേഷിസൗഹൃദ സാഹചര്യങ്ങൾ ഇവയെല്ലാം അധ്യാപകരുടെ കഴിവിനെയും മനോഭാവത്തെയും വേറിട്ട് ആശ്രയിക്കുന്നു 'ഒരു രാജ്യത്തിനും അവിടുത്തെ അധ്യാപകരുടെ നിലവാരത്തേക്കാൾ ഉയരാൻ കഴിയില്ല

എന്ന ഡോ. എസ് രാധാകൃഷ്ണന്റെ വാക്കുകൾ ആപ്തവാക്യം ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

ശാസ്ത്ര സാങ്കേതികവിദ്യയുടെയും വിവരവിസ്ഫോടനത്തിന്റെയും സാഹചര്യത്തിൽ ലോകം അതിയായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. വിവരവിനിമയമെന്ന അധ്യാപകദൗത്യം അപ്രസക്തമായി മാറിക്കൊണ്ടിരിക്കുന്നു. കുട്ടികളെ നയിക്കുകയും, പിന്തുടരുകയും, മാറ്റങ്ങൾ വിലയിരുത്തുകയും ചെയ്യുന്ന മാറിയ ചുമതലകളാണ് അധ്യാപകർ ഈ സാഹചര്യത്തിൽ ഏറ്റെടുക്കേണ്ടത്. ഓൺലൈൻ പോർട്ടലുകളും ഡിജിറ്റൽ വിദ്യാഭ്യാസ സാധ്യതകളും മേധാവിത്വം വഹിക്കുന്ന ഈ സമൂഹത്തിൽ ജീവിതകാലം മുഴുവൻ നീളുന്ന പഠനം, സക്രിയമായ സ്വതന്ത്രമായ പഠനം എന്നിവയാണ് പഠിതാവ് ഏറ്റെടുക്കുന്നത്. അതിന് സഹായകരമായ ലേണിങ്ങ് കോച്ചുമാരായി അധ്യാപകർ മാറേണ്ടതുണ്ട്. വിമർശനാത്മക ചിന്ത വളർത്തുക, പുതിയ കാര്യങ്ങൾ ഡിസൈൻ ചെയ്യുക, പുന:ർനിർമിക്കുക തുടങ്ങിയ കാര്യങ്ങൾ ഏറ്റെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട് അതിനാവശ്യമായ 'ഇന്റലെക്ചൽ ക്യൂറിയോസിറ്റി' വളർത്തിയെടുക്കാൻ അധ്യാപകർക്കാവണം. ഈ സമൂലപരിവർത്തനത്തിന് മാറ്റത്തിന് അധ്യാപകരെ തയ്യാറാക്കേണ്ടിയിരിക്കുന്നു ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ലോകത്തിന് ഉത്പാദനക്ഷമമായി പ്രവർത്തിക്കുന്ന പൗരന്മാരെ സംഭാവന ചെയ്യാൻ അധ്യാപക സമൂഹത്തിനാവണം. പുതുമയോടും മാറ്റങ്ങളോടും മുഖം തിരിച്ചു നിൽക്കുന്ന അധ്യാപക സമൂഹത്തിന് ഇനി നിലനിൽപ്പില്ല.

സ്കൂളിലെ അക്കാദമിക ലീഡർ എന്ന നിലയിൽ സ്വന്തം സഹപ്രവർത്തകർക്ക് സമഗ്ര നവീകരണത്തിനുള്ള സാഹചര്യങ്ങൾ

ഒരുക്കേണ്ടത് ഹെഡ്മാസ്റ്ററുടെ കടമയാണ്. അധ്യാപകരുടെ പ്രൊഫഷണൽ കഴിവുകൾ മാറിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വളർത്തിയെടുക്കാൻ അക്കാദമിക് നേതൃത്വത്തിനാവണം. ഇത് അധ്യാപകരുടെ മനോഭാവങ്ങളിലും കഴിവിലും നിർണായക മാറ്റങ്ങൾ ഉണ്ടാക്കും.

അധ്യാപകരുടെ പ്രൊഫഷണൽ ശേഷി വികസനത്തിന് സ്കൂൾ നേതൃത്വത്തിന്റെ പങ്ക് തിരിച്ചറിയുന്നതിനാണ് ഈ മൊഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത്.

**Core Content**

20 വർഷം മുമ്പ് നമ്മുടെ മുന്നിലുള്ള ഒരു കുട്ടിയെ സങ്കൽപ്പിച്ചു നോക്കൂ എന്തൊക്കെ കഴിവുകളും പ്രത്യേകതകളും മനോഭാവങ്ങളുമാണ് അവർക്കുണ്ടായിരുന്നത്.

- ക്ലാസ് മുറിക്കകത്തുള്ള ലോകം
- സ്വതന്ത്രമായി ഇടപെടാൻ മടി
- പ്രകൃതിയോടടുത്ത് ഇടപെടൽ
- വ്യക്തിഗത പ്രവർത്തനത്തിന് ഊന്നൽ
- വൈവിധ്യങ്ങൾ കുറവ്
- വിവര സ്രോതസ്സുകൾ കുറവ്
- -------------
- -----------

ഇന്ന് നമ്മുടെ മുന്നിലിരിക്കുന്ന കുട്ടി അന്നത്തേതിൽ നിന്ന് എത്രത്തോളം വ്യത്യാസപ്പെട്ടിരിക്കുന്നു?

- വൈവിധ്യമുള്ള വിവര സ്രോതസ്സുകൾ
- വിവരസാങ്കേതികവിദ്യയിൽ പ്രാവീണ്യം
- സാമൂഹ്യമാധ്യമങ്ങളിലൂടെ ആശയവിനിമയം
- വൈവിധ്യമുള്ള ആശയവിനിമയ രീതി
- മൾട്ടിടാസ്കിങ്

- ഒരേ പ്രവർത്തനം കുറെ നേരം തുടരാൻ താല്പര്യമില്ല (Easily Distracted)
- -------------
- ------------

അധ്യാപകരുടെ പ്രൊഫഷണൽ വികാസം

→ പ്രൊഫഷണൽ വികാസത്തിന്റെ ആവശ്യകത മേഖലകൾ സംഘമായും വ്യക്തിഗതമായും തിരിച്ചറിയുക (ആവശ്യകത കണ്ടെത്തൽ)

→ തുടർച്ചയായതും സമഗ്രമായതുമായ പ്രൊഫഷണൽ വികസനത്തിനുള്ള വിവിധ സന്ദർഭങ്ങളൊരുക്കുക.

→ പ്രവർത്തനങ്ങളെ സ്വയം വിലയിരുത്തി മുന്നേറാൻ പ്രാപ്തരാക്കുക

→ അധ്യാപകരെ മാറ്റത്തിന്റെ ഏജന്റുമാരാക്കാൻ ശാക്തീകരിക്കുക.

## I. പ്രൊഫഷണൽ വികാസത്തിന് ആവശ്യകതകളും മേഖലകളും തിരിച്ചറിയുന്നതിന്.

സ്വന്തം ശക്തി ദൗർബല്യങ്ങൾ തിരിച്ചറിയുന്നതിന് അധ്യാപകർക്ക് കഴിയേണ്ടതുണ്ട്. തന്റെ ശക്തിയെ മെച്ചപ്പെടുത്തുകയും ദൗർബല്യങ്ങളെ കണ്ടെത്തി വികാസത്തിനു ശ്രമിക്കുകയും ചെയ്യുന്ന 'റിഫ്ലക്റ്റീവ് പ്രാക്ടീഷണർ' ആയി അധ്യാപകർ മാറേണ്ടതുണ്ട്.

- ഏതെല്ലാം മേഖലകളിലാണ് പ്രൊഫഷണൽ വികാസം വേണ്ടതെന്ന് കണ്ടെത്തുന്നതിന് റൂബ്രിക്സ്, ചെക്ക് ലിസ്റ്റ്, റേറ്റിംഗ് സ്കെയിൽ എന്നിവ ഉപയോഗിക്കൽ.
- സ്കൂൾ മേധാവി മോണിറ്ററിങ്ങിലൂടെ കണ്ടെത്തിയ മേഖലകൾ അധ്യാപകരുമായി പങ്കുവെച്ച് ശാക്തീകരണത്തിന് തിരഞ്ഞെടുക്കുന്ന മേഖലകൾ.

- സ്കൂൾതല വിഷയ സമിതികൾ നിർദേശിക്കുന്ന മേഖലകൾ, അധ്യാപകരുടെ ആവശ്യങ്ങളുടെ ക്രോഡീകരണം.

ഇത്തരത്തിലുള്ള പുതിയ കഴിവുകളും പ്രത്യേകതകളും മനോഭാവങ്ങളുമുള്ള കുട്ടികളോടിടപെടാൻ, അവരെ നയിക്കാൻ അധ്യാപകർക്ക് എന്തൊക്കെ കഴിവുകളും ശേഷികളുമുണ്ടാവണം?

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ അധ്യാപകർക്ക് വേണ്ട ശേഷികളും മനോഭാവങ്ങളും കുറിയ്ക്കുക.

- അറിവ് വിനിമയം ചെയ്യുന്നതിനുമപ്പുറം കുട്ടികളെ നയിക്കാനുള്ള ശേഷി
- കൂട്ടായ്മയിലൂടെയുള്ള അറിവ് നിർമാണ പ്രക്രിയയിലുള്ള വിശ്വാസം
- ഭാവനാപൂർണമായ ക്രിയാത്മകത
- വിമർശനാത്മക ചിന്ത
- ആധുനിക വിവരസാങ്കേതികവിദ്യകളിലുള്ള ശേഷി
- ----
- -------

| HCS |
|---|
| Communication<br>Collaboration<br>Critical<br>Thinking |

അധ്യാപകരിൽ ഈ ശേഷികൾ വളർത്തിയെടുക്കുന്നതിൽ സ്കൂൾ പ്രധാനാധ്യാപകർക്ക് വലിയ പങ്കുണ്ട്. ശാക്തീകരിക്കപ്പെട്ട അധ്യാപകർ സ്കൂൾ നേതൃത്വത്തിന്റെ സമ്പത്തുതന്നെയാണ്. ഈ കാര്യത്തിൽ. പ്രധാനാധ്യാപകർക്ക് എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാകും?

ഇങ്ങനെ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ അധ്യാപകരുടെ പ്രൊഫഷണൽ വികാസത്തിന്റെ മേഖലകൾ കണ്ടെത്താം.

| |
|---|
| മറ്റെന്തെല്ലാം മാർഗങ്ങളിലൂടെ<br>അധ്യാപകരുടെ ശാക്തീകരണ<br>ആവശ്യങ്ങൾ കണ്ടെത്താം<br><br>- |

II. സമഗ്രവും തുടർച്ചയായുള്ളതുമായ പ്രൊഫഷണൽ വികാസ പഠനത്തിനുള്ള അവസരങ്ങളൊരുക്കൽ.

പ്രധാനാധ്യാപകർ എന്ന നിലയിൽ എന്തൊക്കെ അവസരങ്ങളാണ് സഹാധ്യാപകരുടെ പ്രൊഫഷണൽ ശേഷി വികാസത്തിന് ഒരുക്കാവുന്നത്?

- സ്വന്തം സ്കൂളിലെയും മറ്റ് സ്കൂളുകളിലെയും സഹാധ്യാപകരുടെ ക്ലാസ് നിരീക്ഷിക്കാൻ അധ്യാപകരെ പ്രോത്സാഹിപ്പിക്കുന്നു.
- കണ്ടെത്തിയ പരിശീലന ആവശ്യങ്ങൾക്കനുസരിച്ച് വർക്ക്ഷോപ്പുകൾ, പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. വിദഗ്ധ പ്രഭാഷണങ്ങൾ, ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- ഓൺലൈൻ പ്രൊഫഷണൽ കോഴ്സുകളിൽ പങ്കാളികളാകാൻ അധ്യാപകരെ പ്രോത്സാഹിപ്പിക്കുന്നു (IGNOU, NIEPA, NCERT -----)
- മികവുള്ള സ്കൂൾ പ്രവർത്തനങ്ങൾ പങ്കുവെയ്ക്കുന്ന ചെയ്യുന്ന മികവുത്സവങ്ങൾ സംഘടിപ്പിക്കുന്നു. (സബ് ജില്ലാ, ജില്ലാ) സെമിനാർ സംഘടിപ്പിച്ചിക്കുന്നു.
- സ്കൂളിനകത്തും പുറത്തും ഒരേ വിഷയം/ക്ലാസ് കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ പ്രൊഫഷണൽ ലേണിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നു.
- അധ്യാപക പ്രൊഫഷണൽ വികാസ മൊഡ്യൂളുകൾ ടെക്നോളജി പിന്തുണയോടെ നടപ്പിലാക്കുന്നു.

താങ്കൾ കണ്ടെത്തിയ മറ്റൊരു മാർഗ്ഗം പങ്കുവയ്ക്കു.

| |
|---|
| |

**III. സ്വയം വിലയിരുത്തലും മെറ്റാകൊഗ്നിറ്റീവ് ചിന്താശേഷി വളർത്തലും.**

പുറമേയുള്ള ശാക്തീകരണ പ്രവർത്തനങ്ങളെക്കാൾ ഫലപ്രദമായ ഒരു മാർഗ്ഗമാണിത് ഇതിന് സ്വയംപഠന താല്പര്യം

വളർത്തിയെടുക്കാൻ സ്കൂൾ നേതൃത്വം ഫലപ്രദമായ ഇടപെടേണ്ടതുണ്ട്

- ○ കൺസ്ട്രക്റ്റിവിസ്റ്റ് ബോധനശാസ്ത്രത്തിനനുസരിച്ച് സ്കൂൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ നിർദ്ദേശം നൽകുന്നു.
- ○ ചെക്ക് ലിസ്റ്റ്, റൂബ്രിക്സ്, റിഫ്ലക്ടീവ്ജേർണൽ എന്നിവ പ്രയോജനപ്പെടുത്തി സ്വയം ക്ലാസ് വിലയിരുത്തൽ തീരുമാനമെടുക്കുന്നു.
- ○ നാം തീരുമാനിച്ച പഠനതന്ത്രങ്ങൾ കുട്ടികളുടെ പഠനനേട്ടത്തെ എത്രത്തോളം സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയുന്നു.
- ○ പോരായ്മകൾ കണ്ടെത്തി കൂടുതൽ റിസോഴ്സുകൾ ഉപയോഗിച്ചുകൊണ്ട് പുനർ ആസൂത്രണം നടത്തുന്നു. Try-Reflect - Retry

Try – Reflect - Retry

| |
|---|
| **ചർച്ചാ സൂചകം :** (റിഫ്ലക്റ്റീവ് നോട്ട് സ്വയം ) വിലയിരുത്തൽ എത്രത്തോളം സഹായകരമാണ് ? ഇത് എങ്ങനെ സ്വയം |

IV. മാറ്റത്തിന്റെ ഏജന്റുമാരാകുന്നതിന് അധ്യാപകരെ ശാക്തികരിക്കൽ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കുട്ടിയുടെ സവിശേഷമായ ആവശ്യങ്ങൾക്കും മനോഭാവങ്ങൾക്കും അനുഗുണമായ അധ്യാപക സമൂഹത്തെ സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യം.
ഇതിനനുസൃതമായി മാറ്റത്തിന്റെ ഏജന്റുമാരാക്കാൻ എങ്ങനെ അധ്യാപകരെ ശാക്തീകരിക്കാം.?

- ○ പ്രശ്നപരിഹാരത്തിനും നവീന മാതൃകകൾ സൃഷ്ടിക്കുന്നതിനും അധ്യാപകരുടെ കഴിവുകളിൽ വിശ്വാസമർപ്പിക്കുക.
- ○ സ്കൂളിലെ സംവിധാനം, പ്രക്രിയകൾ, അന്തരീക്ഷം എന്നിവ മികവുറ്റതാക്കാൻ എല്ലാ അധ്യാപകർക്കും ചുമതലകൾ വീതിച്ചു നൽകുകയും മോണിറ്റർ ചെയ്യുകയും ചെയ്യുക.
- ○ സ്കൂളിൽ സഹകരണത്തിലധിഷ്ഠിതമായ കൂട്ടായ്മ വളർത്തിയെടുക്കുക

- അധ്യാപകർക്ക് ക്രിയാ ഗവേഷണമേറ്റെടുക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുക.
- മാറ്റങ്ങളുടെ ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുക പങ്കുവെയ്ക്കുന്നു.

| **ചർച്ചാ സൂചകം :** ക്രിയാ ഗവേഷണം- സാധ്യതകൾ |
|---|

**NEP 2020 യും അധ്യാപകരുടെ പ്രൊഫഷണൽ വികസനവും**

അധ്യാപകരുടെ പ്രൊഫഷണൽ വികാസത്തിന്റെ പ്രാധാന്യവും അതിനു സാഹചര്യമൊരുക്കുന്നതിൽ പ്രധാനാധ്യാപകരുടെ പങ്കും ഇതിനകം ചർച്ച ചെയ്തല്ലോ. ദേശീയ വിദ്യാഭ്യാസനയം അധ്യാപകരുടെ തുടർച്ചയായ പ്രൊഫഷണൽ വികാസം പ്രധാന അജണ്ടയായി ഏറ്റെടുത്തിരിക്കുന്നു. ഓരോ വർഷവും ചുരുങ്ങിയത് 50 ദിവസത്തെ തുടർച്ചയായ പ്രൊഫഷണൽ വികാസപ്രവർത്തനങ്ങളിൽ അധ്യാപകർ പങ്കാളികളാകേണ്ടതുണ്ടെന്ന് NEP 2020 അനുശാസിക്കുന്നു.

NEP, 2020: https://www.education.gov.in/sites/upload_files/mhrd/files/NEP_Final_English_0.pdf

ചർച്ച സൂചകം -- NEP 2020 ലെ CPD യുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഫലപ്രദമാകുന്നതിന് നമുക്ക് എന്തെല്ലാം ചെയ്യാനാകും.

**ക്രോഡീകരണം** ( Let us sum up)

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പഠിതാവിന്റെ ആവശ്യങ്ങൾക്കും മനോഭാവങ്ങൾക്കും അനുസരിച്ച് അധ്യാപകർ കാലാനുസൃതമായ മാറ്റങ്ങൾക്ക് തയ്യാറാകണം. അതിന് സ്കൂൾ നേതൃത്വത്തിന് ക്രിയാത്മകമായ പങ്ക് വഹിക്കാനാകും.

- സ്വന്തം സ്ഥാപനത്തിലെ അധ്യാപകരുടെ പ്രൊഫഷണൽ ശേഷി വികാസത്തിനുള്ള ചുമതലകൾ സ്കൂൾ മേധാവികൾ പങ്കെടുക്കേണ്ടതുണ്ട്.

- പ്രൊഫഷണൽ ശേഷി വികാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിലൂടെ പ്രൊഫഷണൽ ലേണിംങ് കമ്മ്യൂണിറ്റി (PLC) കൾ സംഘടിപ്പിച്ച് ശാക്തീകരണ പ്രവർത്തനങ്ങൾ നടത്താം.
- സ്വയം വിലയിരുത്തലും മെഗാകൊഗ്നിസ്റ്റ്ക് പ്രവർത്തനങ്ങളും പ്രൊഫഷണൽ ശേഷി വികസനത്തിന്റെ പ്രധാന മാർഗമാണ്.
- ഇന്നത്തെ സ്കൂൾ സാഹചര്യങ്ങളിൽ അധ്യാപകരുടെ പ്രൊഫഷണൽ ശേഷി വികസനത്തിന് നിരവധി സാധ്യതകൾ ഉണ്ട്.
- മാറ്റത്തിന്റെ ഏജന്റുമാരാകാൻ അധ്യാപകരെ നിരന്തരം ശാക്തീകരിക്കേണ്ടതുണ്ട്.
- NEP 2020 എല്ലാ അധ്യാപകർക്കും തുടർച്ചയായതും സമഗ്രമായതുമായ പ്രൊഫഷണൽ ശേഷി വികാസം ലക്ഷ്യമിടുന്നു.

**സ്വയം വിലയിരുത്താം**

- വിപുലീകരിക്കുക
- CPD
- 4 C's of teachers
- 

**APPENDIX**

**സ്വയം ശാക്തീകരണ മാതൃക**

പ്രശ്നമേഖല : ശാസ്ത്ര വിഷയത്തിൽ താഴ്ന്ന പ്രകടനം.

**പ്രശ്നകാരണങ്ങൾ :**

- താൽപര്യക്കുറവ്
- ആശയങ്ങളുടെ വ്യക്തയില്ലായ്മ
- ലാബിന്റെ അഭാവം
- പ്രവർത്തനങ്ങളുടെ കുറവ്
- ക്വിസ്, ഡിബേറ്റ്, സെമിനാർ കുറവ്
- മികവിനുള്ള സമ്മാനങ്ങളുടെ പ്രോത്സാഹനങ്ങളുടെ അഭാവം
- പ്രകൃതി പഠന സന്ദർഭങ്ങൾ കുറവ്
- പരിശീലനങ്ങളുടെ കുറവ്
- ICT കുറവ്
- -------

**പ്രവർത്തന പദ്ധതി**

- തുടർച്ചയായ വിഷയ സമിതി യോഗങ്ങൾ
- പ്രവർത്തന കലണ്ടറുകൾ നിർമ്മിക്കൽ
- അധ്യാപക ശാക്തീകരണം

- സെമിനാറുകൾ, ഡിബേറ്റുകൾ
- ലാബിലേക്ക് ആവശ്യ വസ്തുക്കൾ വാങ്ങൽ